# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :25/12/2019


## പരവ്വൂരിൽ വിവിധ കേസുകളിൽ ഉൾപ്പെട്ട ഗുണ്ട കാപ്പാ നിയമപ്രകാരം പിടിയിൽ

**കൊല്ലം:** നിരവധി കേസുകളിൽ പ്രതിയായ യുവാവിനെ പരവൂർ പോലിസ് അറസ്റ്റ് ചെയ്തു. പരവൂർ പോലിസ് സ്റ്റേഷൻ അധികാരാതിർത്തിക്കുള്ളിൽ പൂതക്കുളം വില്ലേജിൽ പൂതക്കുളം ചേരിയിൽ, ജയന്തികോളനിയിൽ, ചരുവിള വീട്ടിൽ സുദർശനൻ മകൻ 31 വയസ്സുള്ള അഴകൻ എന്നു വിളിക്കുന്ന ബൈജുവാണ് കരുതടങ്കലിൽ അറസ്റ്റിലായത്. 2016 മുതൽ തുടർച്ചയായി



വ്യക്തികൾക്കുനേരേയുള്ള കൈയേറ്റം, അതിക്രമം, കഠിനദേഹോപദ്രവം ഏൽപ്പിക്കൽ, ഭീഷണിപ്പെടുത്തൽ, കുറ്റകരമായ നരഹത്യശ്രമം തുടങ്ങിയ കുറ്റങ്ങൾ നടത്തി വന്നിട്ടുള്ളതാണ്. ബഹു. ജില്ലാ പോലീസ് മേധാവി ശ്രീ. പി. കെ മധു ഐ.പി.എസ് ന്റെ നിർദ്ദേശപ്രകാരം സ്പെഷ്യൽ ബ്രാഞ്ച് ACP എം.എ നസ്സീർ, ചാത്തന്നൂർ ACP ജോർജ്ജ് കോശി എന്നിവരുടെ മേൽ നോട്ടത്തിൽ പരവ്വൂർ സ്റ്റേഷൻ ISHO സാനി.എസ് പിടികൂടി അറസ്റ്റ് രേഖപ്പെടുത്തി. SI വി. ജ യകുമാർ, CPO 6257 ബിജു, CPO 6796 അനീഷ് എന്നിവർ ഉൾ പ്പെട്ട സംഘമാണ് പിടികൂടിയത്.,